ഉത്തരം

(എ) ആകെ 25.7840 ഹെക്ടർ ഭൂമി ഉണ്ടായിരുന്നു.

(ബി) ഇതിൽ 16 ഹെക്ടർ 47 ആർ 95 ച. മീ. സ്ഥലം കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്.

(സി, ഡി & ഇ) സ്വകാര്യവ്യക്തിക്ക് കൈമാറിയ കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം കോടതിയുടെ പരിഗണനയിലിരിക്കുകയാണ്.

കണ്ണൂർ ജില്ലയില ടൂറിസം സാദ്ധ്യതകളെക്കുറിച്ചുള്ള പഠനം

95 [2712] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ച സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ടൂറിസം മേഖലയുടെ സാധ്യതകളെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് നടത്തിയതെന്ന് വെളിപ്പെടുത്താമോ;

(സി) നാടിന്റെ പ്രകൃതിഭംഗി, സാംസ്കാരിക പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയടക്കമുള്ള കാര്യങ്ങളിലേക്ക് സഞ്ചാരികളുടെ ശ്രദ്ധയെ ആകർഷിക്കാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മുഴപ്പിലങ്ങാട്, മീൻകുന്ന്, പയ്യാമ്പലം എന്നീ സ്ഥലങ്ങളാണ് കണ്ണൂർ ജില്ലയിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) സമഗ്രമായ പഠനം നടത്തിയിട്ടില്ല.

(സി) കണ്ണൂർ ജില്ലയുടെ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് താഴെ പറയുന്ന ടൂറിസം പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. അറയ്ക്കൽ കെട്ടിന്റെ സംരക്ഷണം.
2. മീൻകുന്ന് ബീച്ചിന്റെ സൗന്ദര്യവൽക്കരണം.
3. പഴയങ്ങാടി ബസ് ടെർമിനൽ, പേ ആന്റ് യൂസ് ടോയ്ലെറ്റ്, വിശ്രമ സൗകര്യങ്ങൾ.
4. തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിനോടടുത്ത് പിൽഗ്രിം അമിനിറ്റി സെന്ററിന്റെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly

5. കിഴക്കേക്കര കോവിലകത്തിന്റെ പുതുക്കിപണിയൽ.
6. മുഴപ്പിലങ്ങാട്-പുഴക്കര മമ്മാക്കുന്ന് കടവ് റോഡിന്റെ പുനരുദ്ധാരണവും തെരുവ് വിളക്ക് സ്ഥാപിക്കലിന്റെയും നിർമ്മാണം.
7. ഇരിട്ടി ഏരിയായിൽ റോഡുകളുടെ പുനരുദ്ധാരണം.
8. അഴിക്കൽ-കൊറ്റി എന്നീ സ്ഥലങ്ങളിൽ ജെട്ടിയുടെ നിർമ്മാണം.
9. പൈതൽമലയിൽ ഇക്കോ ടൂറിസം പദ്ധതി.
10. പൈതൽമലയിൽ ടൂറിസ്റ്റ് കോംപ്ലക്സ്.
11. പറശ്ശിനിക്കടവിന്റെ ടൂറിസം വികസനം.
12. വാടിക്കലിൽ ഹൗസ് ബോട്ട് ടെർമിനലിന്റെ നിർമ്മാണം.

തങ്കശ്ശേരി-പരവൂർ തീരദേശ റോഡ് നിർമ്മാണം

96 [2713] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി തങ്കശ്ശേരി മുതൽ പരവൂർ വരെയുള്ള തീരദേശ റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) മയ്യനാടും പരവൂരുമായി ബന്ധിപ്പിക്കുന്നതിൽ മുറിഞ്ഞുപോയിട്ടുള്ള ഭാഗം പുനഃസ്ഥാപിച്ച് ടൂറിസ്റ്റ് വികസനത്തിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

(ബി) പൊതുമരാമത്ത് വകുപ്പ് പ്രൊപ്പോസൽ സമർപ്പിക്കുന്ന പക്ഷം അനുയോജ്യമാണെങ്കിൽ ടൂറിസം വകുപ്പ് ടി വികസനം പരിശോധിക്കുന്നതാണ്.

ആറാട്ടുപുഴ പൂരത്തിന് നൽകുന്ന സഹായം വർദ്ധിപ്പിക്കുന്നതിന് നടപടി

97 [2714] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിൽ പ്രശസ്തമായ ആറാട്ടുപുഴ പൂരത്തിന് സർക്കാർ നൽകുന്ന സഹായം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly